**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3487** **08-10-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിൽ വകുപ്പിന് കീഴിലെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളുടെ എത്ര മാസത്തെ ആനുകൂല്യങ്ങളാണ് കുടിശികയായിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) | തൊഴിൽ വകുപ്പിന് കീഴിലെ 16 ക്ഷേമനിധി ബോർഡുകളിൽ നിന്നും നൽകേണ്ട കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു |
| (ബി) | പ്രസ്തുത ബോർഡുകളുടെ മിച്ച ഫണ്ടുകൾ ട്രഷറിയിലേക്ക് മാറ്റിയിട്ടുണ്ടോ; ഇത് ബോർഡുകളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിക്കുന്നു; വ്യക്തമാക്കാമോ; | (ബി) | ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്,കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ ഒഴികെയുള്ള ക്ഷേമനിധി ബോർഡുകളിലെ മിച്ച ഫണ്ടുകൾ ട്രഷറിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ആയത് ബോർഡുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. വിശദവിവരങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു |
| (സി) | ആധാർ ലിങ്കിംഗ് നിർബന്ധമാക്കുന്നത് അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ എങ്ങനെ തടസ്സം സൃഷ്ടിക്കുന്നു വ്യക്തമാക്കാമോ; | (സി) | ക്ഷേമനിധി ബോർഡുകളിൽ ആധാർ ലിങ്കിംഗ് നിർബന്ധമാക്കുന്നത് അംഗങ്ങളുടെ ഒന്നിൽ കൂടുതൽ ക്ഷേമനിധി ബോർഡുകളിലെ ദ്വയാംഗത്വം കണ്ടെത്തുന്നതിനും അനർഹർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് ഒഴിവാക്കുന്നതിനും സഹായിക്കുന്നു. ഇതു ഒരു തരത്തിലും ബോർഡ് പ്രവർത്തനങ്ങൾക്കു തടസ്സം സൃഷ്ടിച്ചിട്ടില്ല. |
| (ഡി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്രമാസത്തെ ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് കുടിശികയായതെന്ന് വ്യക്തമാക്കുമോ; എത്ര തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ഇനിയും ലഭിക്കാനുണ്ട് എന്നത് വ്യക്തമാക്കാമോ? | (ഡി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 17 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. ഏകദേശം 3.87 ലക്ഷം പേർക്ക് പെൻഷൻ കുടിശ്ശികയും 01.04.2025 മുതലുള്ള മറ്റാനുകൂല്യങ്ങളും നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

തനതു ഫണ്ടിൽ നിന്നും പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന ബോർഡുകളായ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്-(അൺഅറ്റാച്ച്ഡ് വിഭാഗം), കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി അനുവദിച്ചു വരുന്നു. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നില്ല. ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിച്ച് വരുന്നു. എന്നാൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ പെൻഷനും മറ്റാനുകൂല്യങ്ങളും കുടിശ്ശികയുണ്ട്.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 17 മാസത്തെ പെൻഷനാണ് കുടിശ്ശികയായിട്ടുള്ളത്. 01.04.2025 മുതലുള്ള മറ്റാനുകൂല്യങ്ങളും കുടിശ്ശികയാണ്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻ വിതരണം നടത്തുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. മറ്റ് ബോർഡുകളിൽ പെൻഷൻ വിതരണം നടത്തുന്നത് കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് ആണ്. ടി ബോർഡുകളിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്-സ്കാറ്റേർഡ് വിഭാഗം, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരളാ ചെറുകിട തോട്ടം തൊഴിലാളി ബോർഡ്, കേരളാ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2025 സെപ്റ്റംബർ മാസത്തെ പെൻഷൻ തുക മാത്രമാണ് കുടിശ്ശിക ആയിട്ടുള്ളത്. ടി ബോർഡുകളിൽ നിന്നുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്തിട്ടുണ്ട്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അധിവർഷാനുകൂല്യം 2018 മാർച്ച് വരെയും വിവാഹധനസഹായം 2025 ഓഗസ്റ്റ് വരെയും പ്രസവ ധനസഹായം 2023 ജൂലായ് വരെയും നൽകിയിട്ടുണ്ട്. ആയതിനു ശേഷമുള്ളവ കുടിശ്ശികയാണ്.

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആഗസ്റ്റ് 2025 വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. പ്രസവധനസഹായ ഇനത്തിൽ 2021 മുതൽ അപേക്ഷകൾ കുടിശികയുണ്ട്. കൂടാതെ 2024 ആഗസ്റ്റ് മുതൽ വിവാഹ

ധനസഹായ ഇനത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ ധനസഹായം വിതരണം ചെയ്യുവാനുണ്ട്.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അവശതാ പെൻഷൻ ഇനത്തിൽ 2022 ഒക്ടോബർ, നവംബർ, ഡിസംബർ, 2023 ജനുവരി, 2025 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും നിലവിൽ കുടിശ്ശികയാണ്. മറ്റാനുകൂല്യങ്ങളിൽ കുടിശ്ശികയില്ല.

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2025 ജൂൺ മുതലുള്ള ആനുകൂല്യങ്ങളിൽ കുടിശ്ശികയുണ്ട്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2025 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ വിവിധ ആനുകൂല്യങ്ങളാണ് നിലവിൽ കുടിശ്ശികയുള്ളത്, ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ അംശദായ പെൻഷനും മറ്റാനുകൂല്യങ്ങളും 2025 ആഗസ്റ്റ് വരെയും ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന അവശതാ പെൻഷൻ 2025 സെപ്റ്റംബർ വരെയും പദ്ധതി മുഖേന വിതരണം ചെയ്യുന്ന മറ്റ് ആനുകൂല്യങ്ങൾ 2025 ആഗസ്റ്റ് മാസം വരെയും വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സ്ഥിരനിക്ഷേപങ്ങൾ തിരുവനന്തപുരം ജില്ലാ ട്രഷറിയിലാണ്. ട്രഷറിയിലെ സ്ഥിരനിക്ഷേപത്തിൽ നിന്നും ലഭിക്കുന്ന പലിശ ഉപയോഗപ്പെടുത്തിയാണ് ആനുകൂല്യങ്ങളും പെൻഷനും അനുവദിച്ച് വരുന്നത്.

2.കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ മിച്ച ഫണ്ടുകൾ ട്രഷറിയിൽ സ്ഥിരനിക്ഷേപങ്ങളായി സൂക്ഷിച്ചുപോരുന്നു. ഓരോ ക്ഷേമാനുകൂല്യങ്ങളുടെയും വിതരണത്തിനായി പ്രസ്തുത നിക്ഷേപങ്ങൾ വിനിയോഗിക്കുന്നതിനായാണ് ബോർഡ് ഉപയോഗിച്ചുവരുന്നത്.

3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ അങ്കമാലി സബ് ട്രഷറിയിൽ 4,15,00,000/- രൂപ സ്ഥിരനിക്ഷേപമായിട്ടുണ്ട്. ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

4. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മിച്ചഫണ്ടുകൾ ട്രഷറിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ബോർഡിന്റെ പ്രവർത്തനത്തെ ഇത് ബാധിച്ചിട്ടില്ല.

5. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് ഹ്രസ്വകാലത്തേയ്ക്ക് മാത്രമാണ് നിക്ഷേപം നടത്താറുള്ളത്. ആയതിനാൽ ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപമാക്കിയിട്ടില്ല.

6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

ബോർഡിനു കൊല്ലം ജില്ലാ ട്രഷറിയിൽ മൂന്നു സ്ഥിരനിക്ഷേപങ്ങളിലായി 3,31,00,000/- രൂപയുടെ സ്ഥിര നിക്ഷേപമുണ്ട്. ടി സ്ഥിര നിക്ഷേപത്തിൽ നിന്നു ലഭിക്കുന്ന പലിശ കൂടി ഉപയോഗിച്ചാണ് ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നത്.

7. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തികമായി ദുർബലമായ ബോർഡാണ്. നിക്ഷേപങ്ങൾ വളരെ കുറവായതിനാൽ ഫണ്ട് ട്രഷറിയിലേക്ക് മാറ്റിയിട്ടില്ല.

8. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

ബോർഡിന്റെ അൺഅറ്റാച്ച്ഡ് സ്കീകിമിന് സർക്കാർ ധനസഹായം ഒന്നും നൽകുന്നില്ല. ടി സ്കീമിന് കീഴിലുള്ള 123 ഓഫിസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി പരിപാലിച്ച് വരുന്ന സ്ഥിരനിക്ഷേപങ്ങളിൽ 41.52% തുക, 23/11/2021 തീയതിയിൽ നടന്ന 526-മത് ബോർഡ് യോഗത്തിന്റെ 31-മത് തീരുമാന പ്രകാരം ട്രഷറിയിൽ സ്ഥിരനിക്ഷേപമാക്കി ബോർഡിന്റെ പ്രവർത്തനം നടത്തി വരുന്നു.

9.കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

ആഭരണ തൊഴിലാളി ബോർഡിന്റെ നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റിയിട്ടില്ല

10. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

ബോർഡിന്റെ അംശദായ ഇനത്തിൽ ലഭിയ്ക്കുന്ന തുകയുടെ 62% ഫണ്ട് ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്തിയിട്ടുണ്ട്. പ്രസ്തുത നിക്ഷേപത്തിൽ നിന്നും ലഭിയ്ക്കുന്ന പലിശ തൊഴിലാളികൾക്ക് വിവിധ ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഉപയോഗിയ്ക്കുന്നു.

11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മിച്ച ഫണ്ട് അതത് സമയത്തെ നിക്ഷേപനിരക്കിന്റെ അടിസ്ഥാനത്തിൽ ട്രഷറി, നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിക്ഷേപിച്ച് വരുന്നു. ആയത് ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് സഹായിക്കുന്നു.

12. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ മിച്ച ഫണ്ടുകൾ ബോർഡിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്

13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡിനു ഫിക്സഡ് ഡിപ്പോസിറ്റ് ആയി 6,63,82,898 രൂപ നിലവിലുണ്ട്. അതിന്റെ പലിശയും ലഭിയ്ക്കുന്നുണ്ട്. മിച്ച ഫണ്ടുകൾ ഫിക്സഡ് ഡിപ്പോസിറ്റ് ആയി മാറ്റിയത് ബോർഡ് പ്രവർത്തനങ്ങളെ ബാധിയ്ക്കുന്നില്ല.

14. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡിന്റെ നിലവിലുള്ള ആകെ സ്ഥിര നിക്ഷേപമായ 49.57 കോടിയിൽ 37.47 കോടി ട്രഷറിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. മിച്ച ഫണ്ടുകൾ ട്രഷറി ഫിക്സഡ് ഡിപ്പോസിറ്റ് ആയി മാറ്റിയത് ബോർഡ് പ്രവർത്തനങ്ങളെ ബാധിയ്ക്കുന്നില്ല.

15. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആകെ നിക്ഷേപത്തിന്റെ 90 ശതമാനത്തിനു മുകളിൽ ട്രഷറിയിലാണ് സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ളത്. ട്രഷറി നിക്ഷേപങ്ങളിൽ നിന്നും മാസാമാസം ലഭ്യമാകുന്ന പലിശവരുമാനത്തിൽ നിന്നുമാണ് തൊഴിലാളികളുടെ വിവിധ ആനുകൂല്യ വിതരണം നടത്തുന്നത്.

16. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

ബോർഡിനെ ബാധിക്കാത്ത തരത്തിൽ മിച്ച ഫണ്ടുകൾ ട്രഷറിയിൽ എഫ്.ഡി ആയി സൂക്ഷിയ്ക്കുന്നു.

സെക്ഷൻ ഓഫീസർ